പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2050 07.03.2017 ൽ മറുപടിയ്ക്ക്

## മാവേലി സപ്ലൈകോ സ്റ്റോറുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ.കെ.ഡി. പ്രസേനൻ

ഉത്തരം

ശ്രീ. പി. തിലോത്തമൻ

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

(എ) മാവേലി സ്റ്റോറുകളുടെയും സപ്ലൈകോ സ്റ്റോറുകളുടെയും പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(എ) ഉദ്ദേശിക്കുന്നുണ്ട്. സ്ഥലപരിമിതിയുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും കൂടുതൽ തവണ സാധനങ്ങൾ എത്തിക്കുകയും ചെയ്യുന്നു. ഉത്സവ സീസണുകളിൽ ആവശ്യത്തിന് അവശ്യസാധനങ്ങൾ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുകയും സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗിച്ചും അവശ്യസാധനങ്ങൾ വിൽപ്പനശാലകളിൽ എത്തിക്കുകയും ചെയ്യുന്നു. പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ മാവേലി സ്റ്റോർ/ സൂപ്പർ മാർക്കറ്റ് തലത്തിൽ സാമൂഹ്യ പ്രവർത്തകരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പരാതികൾ സ്വീകരിക്കുകയും പരിഹരിക്കുകയും ചെയ്യുന്നു. ഡിപ്പോകളിൽ സാധനങ്ങളുടെ ദൗർലഭ്യം നേരിടുമ്പോൾ മറ്റ് ഡിപ്പോകളിൽ നിന്ന് സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു. വിൽപ്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഓഡിറ്റ് & ഇൻസ്പെക്ഷൻ വിംഗ് സബ്സിഡി

സാധനങ്ങളുടെ സ്റ്റോക്ക് എല്ലാ വില്പനശാലകളിലും ഉറപ്പ് വരുത്തുന്നതിനും സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിനും വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകളും. ഇന്റേണൽ ഓഡിറ്റ് വിഭാഗവും ജൂനിയർ മാനേജർമാരും (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) വിൽപ്പനശാലകളിൽ പരിശോധന നടത്തുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രാദേശിക ആവശ്യകത അടിസ്ഥാനമാക്കി പുതുതായി സപ്ലൈകോ സ്റ്റോറുകളും മാവേലി സ്റ്റോറുകളും ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) | സംസ്ഥാനത്ത് സപ്ലൈകോ വിൽപ്പനശാല കളില്ലാത്ത 32 ഗ്രാമ പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് ഈ പഞ്ചായത്തുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നിലവിൽ ഒരു മാവേലി സ്റ്റോർ മാത്രമുള്ള പഞ്ചായത്തുകളിൽ രണ്ടാമതൊന്നു കൂടി ആരംഭിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ബന്ധപ്പെട്ട പഞ്ചായത്തുകൾ തയ്യാറായാൽ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിലും ജീവനക്കാരുടെ ലഭ്യത കണക്കിലെടുത്തും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ